**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം

## കീം 2022

### കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം 2022
### ഓൺലൈൻ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനുള്ള അവസരം

2022–23 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനുള്ള അവസരം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. 30.05.2022 മുതൽ 10.06.2022 വൈകുന്നേരം 3.00 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈററിൽ നൽകിയിട്ടുള്ള **'KEAM-2022, Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ അപേക്ഷകരുടെ ഫോട്ടോ, ഒപ്പ്, പേര് തുടങ്ങിയ വിവരങ്ങൾ നൽകിയിട്ടുണ്ട്. അപേക്ഷയിൽ നൽകിയിരിക്കുന്ന ഫോട്ടോ , ഒപ്പ് എന്നിവയുടെ സൂക്ഷ്മ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിരിക്കുന്ന **'Memo details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ലഭ്യമാകുന്നതാണ്. ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയിൽ ന്യൂനതയുണ്ടെങ്കിൽ **10.06.2022 വൈകുന്നേരം 3.00 മണി** ക്കുള്ളിൽ മെമ്മോയിൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ഫോട്ടോഗ്രാഫ് /ഒപ്പ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രൊഫൈൽ പേജിൽ ദൃശ്യമായിട്ടുള്ള അപേക്ഷകന്റെ പേരിൽ വ്യത്യാസം ഉണ്ടെങ്കിൽ ആയത് ഇമെയിലായി **(ceekinfo.cee@kerala.gov.in)** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ അറിയിക്കേണ്ടതാണ്.

എഞ്ചിനീയറിംഗ്/ഫാർമസി പരീക്ഷയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ പിന്നീട് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതായിരിക്കും. എന്നാൽ ഈ വിദ്യാർത്ഥികളുടെ ഫോട്ടോഗ്രാഫ് , ഒപ്പ് എന്നിവയിൽ ന്യൂനതയുള്ള പക്ഷം മേൽ പറഞ്ഞ തീയതിക്കുള്ളിൽ അവ പരിഹരിച്ചെങ്കിൽ മാത്രമേ പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കുകയുള്ളൂ. ഓൺലൈൻ അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ 'കാൻഡിഡേറ്റ് പോർട്ടൽ' വഴി പിന്നീട്

അറിയിക്കുന്നതും അപാകതകൾ പരിഹരിക്കുന്നതിന്  അപ്പോൾ അവസരം നൽകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.30 08:02:33 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**30/05/2022**